"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്തെ സി.പി.ഒ. ശ്രീ.ബിനീഷ്.വി.ആർ-ന് ക്വാർട്ടേഴ്സിൽ തുടർ താമസത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.1896/2026/HOME തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 16.04.2026 തീയതിയിലെ H14-59144/2026/PHQ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്തെ സി.പി.ഒ. ശ്രീ. ബിനീഷ്. വി.ആർ-ന് കേരള പോലീസ് അക്കാദമിയുടെ ഫാമിലി ക്വാർട്ടേഴ്സ് നം. എഫ് & ജി-1 അനുവദിച്ചിരുന്നു. ടിയാൻ പ്രസ്തുത യൂണിറ്റിൽ നിന്നും ട്രാൻസ്ഫർ ആയതിനെ തുടർന്ന് ടി ക്വാർട്ടേഴ്സിൽ 31.03.2026 വരെ തുടർ താമസത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയത് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ക്വാർട്ടേഴ്സിലെ താമസം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചതായും ഇപ്പോൾ പ്രസ്തുത ക്വാർട്ടേഴ്സിനായി അപേക്ഷകളൊന്നും പെൻഡിംഗ് ഇല്ലാത്തതിനാൽ കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്തെ സി.പി.ഒ. ആയ ശ്രീ. ബിനീഷ്.വി.ആർ- ന് കേരള പോലീസ് അക്കാദമിയുടെ ഫാമിലി ക്വാർട്ടേഴ്സ് നം. എഫ് & ജി-1-ൽ 01-04-2026 മുതൽ 31-03-2027 വരെ തുടർതാമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം ശിപാർശ ചെയ്തു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. പരാമർശത്തിലെ ശിപാർശ പ്രകാരം കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്തെ സി.പി.ഒ. ശ്രീ. ബിനീഷ്.വി.ആർ - ന് കേരള പോലീസ് അക്കാദമിയുടെ ഫാമിലി ക്വാർട്ടേഴ്സ് നം. എഫ് & ജി-1 - ൽ 01-04-2026 മുതൽ 31-03-2027 വരെ,മറ്റ് അർഹതപ്പെട്ട അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ ടി വി

അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

2. ഡയറക്ടർ, കേരള പോലീസ് അക്കാദമി,തൃശ്ശൂർ.

3.ശ്രീ. ബിനീഷ്.വി.ആർ,CPO ( ഡയറക്ടർ, കേരള പോലീസ് അക്കാദമി മുഖേന)

4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി

5.കരുതൽ ഫയൽ(HOME-D3/81/2026-HOME )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 02-06-2026 15:06:56

സെക്ഷൻ ഓഫീസർ